# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 4 April 2022 Rs. 15/-






www.ernakulamarchdiocese.org

ഏപ്രിൽ 24-ാം തീയതി

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്**

എറണാകുളം - അങ്കമാലി അതിരൂപതയുടെ

## തിരുനാൾ ആശംസകൾ !!!



# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 65 Issue No. 4 April 2022 Rs. 15/-


## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ 02/2022- ആഗോളസഭാ സിനഡ്: മാർഗ നിർദ്ദേശങ്ങൾ |
| 16. | Engagements |
| 17. | കച്ചേരിക്കാര്യം |
| 19. | നിര്യാതരായി |
| 20. | വാർത്തകളും വിശേഷങ്ങളും |
| 21. | AICO |
| 22. | Department of Catechesis |
| 26. | Department of Family Apostolate |
| 28. | Corporate Educational Agency |
| 30. | Catholic Teachers Guild |
| 32. | സ്നേഹശുശ്രൂഷാലയം, ചിറ്റൂർ |
| 35. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 40. | നൈപുണ്യ ഇന്റർനാഷണൽ |
| 42. | അതിരൂപതാ ഡയറി |



**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mekkunnel Mathew, Nakapuzha | 1922 | 1952 | 1-4-2008 |
| Mar Varkey Cardinal Vithayathil, Puthenpally | 1927 | 1954 | 1-4-2011 |
| Fr. Panikulam Augusthy, Elavoor | 1882 | 1908 | 3-4-1943 |
| Fr. Mavumkal Joseph, Muttam | 1902 | 1930 | 3-4-1995 |
| Mar Abraham Kattumana, Ullala | 1944 | 1969 | 4-4-1995 |
| Fr. Kurisumkal Joseph, Kandanad | 1902 | 1934 | 5-4-1983 |
| Fr. Thazhathuruthil Peter, Mevalloor | 1938 | 1967 | 5-4-1997 |
| Fr. Perumalil George, Ullala | 1944 | 1969 | 5-4-2013 |
| Fr. Puthupara Pathrose, Thuravoor | 1873 | 1899 | 7-4-1955 |
| Fr. Chittethazhath Francis, Amballoor | 1878 | 1907 | 8-4-1950 |
| Fr. Kavalakkatt Paul, Kadukutty | 1925 | 1953 | 8-4-2010 |
| Fr. Narayamparambil Mathew, Thuravoor S. | 1924 | 1954 | 10-4-2008 |
| Fr. Koikara Joseph, Kizhakkambalam | | | 12-4-1897 |
| Magr. Parackal Antony, Angamaly | 1916 | 1941 | 13-4-2001 |
| Fr. Kattakkakathoot Geevarghese, Moozhikulam | 1859 | 1892 | 15-4-1939 |
| Fr. Thaliath Joseph (K) (Joly), Kanjoor | 1945 | 1970 | 15-4-2017 |
| Fr. Pallippadan Paul, Thuravoor | 1941 | 1967 | 16-4-1985 |
| Fr. Thottankara George, Koodalapad | 1943 | 1969 | 16-4-2016 |
| Fr. Vithayathil Yohannan, Puthenpally | 1862 | 1894 | 17-4-1942 |
| Fr. Thalian George, Vathakkad | 1932 | 1961 | 17-4-2005 |
| Fr. Payyappilly Kochuvarkey, Moozhikulam | 1870 | 1899 | 19-4-1936 |
| Fr. Painadeth Kochupaulo, Karukutty | 1869 | 1894 | 20-4-1934 |
| Fr. Powathil Antony, Thycattussery | 1896 | 1924 | 20-4-1980 |
| Fr. Panikulam Valiya Ittoop, N. Parur | 1884 | 1912 | 22-4-1952 |
| Fr. Padayattil Abraham, Kidangoor | 1926 | 1956 | 23-4-2014 |
| Fr. Kochuparampil George, Thottakam | 1906 | 1933 | 24-4-1982 |
| Fr. Kuttipuram George, Thalayolaparambu | 1930 | 1962 | 24-4-2004 |
| Fr. Narayamparambil Joseph, Thuravoor S. | 1920 | 1945 | 25-4-1999 |
| Fr. Punakat George, Kolengai | 1901 | 1920 | 28-4-1961 |
| Fr. Nettikadan Varghese, Meloor | 1931 | 1957 | 29-4-1999 |
| Fr. Puthuva Joseph, Mookkannoor | 1890 | 1916 | 30-4-1965 |

**സർക്കുലർ: 02/2022**

# ആഗോളസഭാ സിനഡ്: മാർഗനിർദേശങ്ങൾ

മിശിഹായിൽ പ്രിയ വൈദികരേ, സന്ന്യസ്തരേ, സഹോദരി സഹോദരന്മാരേ,

2023-ൽ റോമിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ ആഗോള സിനഡിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ സംഘടിപ്പിക്കുന്ന സിനഡൽ ചർച്ചകൾ സംബന്ധിച്ച് നൽകപ്പെട്ട സർക്കുലർ നിങ്ങൾ വായിച്ചുകാണുമല്ലോ (*എറണാകുളം മിസ്സം*, മാർച്ച് 2022, പേജ് 13-16).

ചുരുങ്ങിയ സമയംകൊണ്ട് വിപുലമായ സിനഡൽ പ്രക്രിയയിലൂടെ നാം കടന്നുപോകുകയാണ്. പുതിയ ആശയങ്ങൾ സമാഹരിക്കുകയോ അഭിപ്രായ സർവ്വേ നടത്തുകയോ അല്ല സിനഡൽ സമ്മേളനങ്ങളുടെ ലക്ഷ്യം. എല്ലാവരെയും കേൾക്കാനും എല്ലാവരോടുമൊപ്പം നടക്കാനും നാം പരിശീലിക്കേണ്ട ദിനങ്ങളാണ് നമുക്ക് മുമ്പിലുള്ളത്. ആരെയും ഒഴിവാക്കാതെ, ആരെയും നഷ്ടപ്പെടുത്താതെ, എല്ലാവരോടുമൊപ്പം എല്ലാവരുടെയും പിതാവായ ദൈവത്തിന്റെ രാജ്യത്തിലേക്ക് ആനന്ദത്തോടെ നടന്ന ഈശോയുടെ കാലടികളാണല്ലോ നാം പിഞ്ചെല്ലുന്നത്. സഭാസമൂഹമെന്ന നിലയിൽ ഒരുമയുടെ പ്രഥമ പാഠങ്ങൾ അനുഭവപരമായി പരിശീലിക്കാമെന്നതിനപ്പുറം, വ്യക്തിപരമായ അനുഗ്രഹവും സിനഡുദിനങ്ങൾ നമുക്കോരോരുത്തർക്കുമായി കരുതിവച്ചിട്ടുണ്ട്. ഏതു പ്രശ്നത്തെയും അവനവനിലൂടെയും അപരനിലൂടെയും സംസാരിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സമീപിക്കാൻ നമ്മളെ സിനഡ് പ്രക്രിയ പ്രാപ്തരാക്കും.

വിവിധ സമിതികളിൽ നടത്തിയ കൂടിയാലോചനകളുടെ വെളിച്ചത്തിൽ, നമുക്ക് ലഭ്യമായ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഏറ്റവും ഫലപ്രദമായ രീതിയിൽ സിനഡൽ സമ്മേളനങ്ങൾ നടത്താൻ താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ നൽകാൻ ആഗ്രഹിക്കുകയാണ്.

ഇടവകതലത്തിലുള്ള സമ്മേളനങ്ങൾക്കായി 2022 മെയ് 31 വരെയുള്ള സമയം ഉപയോഗിക്കാവുന്നതാണ്. 2022 ജൂൺ മാസത്തിലെ ആദ്യത്തെ മൂന്ന് വാരാന്ത്യങ്ങളിലായി ഫൊറോനാതല സമ്മേളനങ്ങൾ സംഘടിപ്പിക്കാമെന്ന് ഫൊറോനാ കോർഡിനേറ്റർമാരുടെ യോഗത്തിൽ ധാരണയായതിന്റെ വെളിച്ചത്തിലാണ് ഇടവകതല സമ്മേളനങ്ങൾക്ക് കൂടുതൽ സമയം നൽകാൻ തീരുമാനിച്ചത്. അതിരൂപതാതല സമ്മേളനം 2022 ജൂൺ അവസാനത്തെ ആഴ്ചയായിരിക്കും.

ഇടവകയിൽ കുടുംബ യൂണിറ്റുകളിലും, യൂണിറ്റുകളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവരെ ഒരുമിച്ചുകൂട്ടി ഇടവക തലത്തിലും സിനഡൽ സമ്മേളനങ്ങൾ നടത്തണം. ഇടവകകളിൽ സേവനംചെയ്യുന്ന സമർപ്പിതരും ഇടവകതല സിനഡൽ സമ്മേളനത്തിൽ പങ്കുചേരാൻ ശ്രദ്ധിക്കുമല്ലോ. സിനഡാലിറ്റിയുടെ ചൈതന്യം കുട്ടികൾക്ക് പകർന്നു നൽകാനായി വിശ്വസപരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ വിശ്വാസപരിശീലന ക്ലാസ്സുകളിൽ കുട്ടികളുടെ സിനഡ് സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. ഇടവകതല സമ്മേളനത്തിൽ രൂപപ്പെടുന്ന ആശയങ്ങൾ ഏഴ് പേജിൽ കവിയാത്ത ഒരു റിപ്പോർട്ടായി 2022 ജൂൺ മാസം 5-ാം തീയതിക്കകം ഫൊറോനാ കോർഡിനേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

ഇടവകകളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ഫൊറോനകളിൽ ഒരു സിനഡൽ സമ്മേളനം നടത്തണം. പ്രസ്തുത സമ്മേളനത്തിന്റെ തുടക്കത്തിൽ, ഇടവകകളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെ സംഗ്രഹം ഫൊറോനാ കോർഡിനേറ്റർ അവതരിപ്പിക്കേണ്ടതാണ്. ഫൊറോനാതല സിനഡൽ സമ്മേളനത്തിന് പുറമെ, യുവജന സിനഡും വനിതാ സിനഡും സംഘടിപ്പിക്കണം. യുവജന സംഘടനകളുടെയും വനിതാ സംഘടനകളുടെയും ഫൊറോനാ ഡയറക്ടർമാരാണ് ഈ സമ്മേളനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. ഫൊറോനാതല സമ്മേളനങ്ങളിൽ രൂപപ്പെടുന്ന ആശയങ്ങൾ ഏഴ് പേജിൽ കവിയാത്ത ഒരു റിപ്പോർട്ടായി 2022 ജൂൺ മാസം 20-ാം തീയതിക്കകം അതിരൂപതാ കോർഡിനേറ്ററെ ഏൽപ്പിക്കണം.

സഭയുടെ സ്വാഭാവിക ചട്ടക്കൂടിന് പുറത്തുള്ളവരെയും ആദരവോടെ കേൾക്കണമെന്നത് ആഗോള സിനഡിന്റെ ലക്ഷ്യമാണ്. ഇതരക്രൈസ്തവ സഭാംഗങ്ങൾ, ഇതര മതാനുയായികൾ, അതിഥി തൊഴിലാളികൾ, പാർശ്വവത്ക്കരിക്കപ്പെട്ടവർ, മാധ്യമപ്രവർത്തകർ, പൊതുപ്രവ

ർത്തകർ, എഴുത്തുകാർ, ഉന്നതസ്ഥാനീയർ, എന്നിങ്ങനെയുള്ള വിഭാഗങ്ങളുമായി ഉചിതമായ ഇടങ്ങളിലും സമയങ്ങളിലും കൂടിയാലോചനകൾ നടത്താൻ വേണ്ട ക്രമീകരണങ്ങൾ അതിരൂപതാ സിനഡൽ ടീം വിവിധ ഡിപ്പാർട്ടുമെന്റുകളോടും സ്ഥാപനങ്ങളോടും സഹകരിച്ചു ചെയ്യേണ്ടതാണ്. ഇത്തരം കൂടിയാലോചനകളിൽനിന്നും, യുവജന, വനിതാ സിനഡുകളിൽനിന്നും, ഫൊറോനാതല സിനഡൽ സമ്മേളനങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ സംഗ്രഹം അതിരൂപതാതല സമ്മേളനത്തിന്റെ പ്രാരംഭത്തിൽ അവതരിപ്പിക്കണം. അതിന്റെ വെളിച്ചത്തിൽ, ക്രമപ്രകാരമുള്ള ചർച്ചകൾ നടത്തണം. ഈ സമ്മേളനത്തിൽനിന്ന് ഉരുത്തിരിയുന്ന ആശയങ്ങളുടെ സമന്വയമായിരിക്കും അതിരൂപതയിൽനിന്ന് മെത്രാൻസിനഡിന് നൽകുന്ന റിപ്പോർട്ട്.

ദൈവജനത്തിനു പൊതുവിലും, കുട്ടികൾ, യുവജനങ്ങൾ, വനിതകൾ എന്നീ വ്യത്യസ്ത വിഭാഗങ്ങൾക്ക് പ്രത്യേകമായും തയ്യാറാക്കിയ ലഘുലേഖകൾ അതിരൂപതാ സിനഡൽ ടീം ലഭ്യമാക്കുന്നതാണ്. അവ നേരത്തെതന്നെ വായിച്ച് ഒരുങ്ങിവേണം സിനഡൽ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടത്.

ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അവയവങ്ങളാണ് നാമോരോരുത്തരെന്നും, ദൈവജനമായ സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണെന്നും ആദിമകാലത്തെന്നപോലെ ഒരിക്കൽക്കൂടി നാം തിരിച്ചറിയാൻ പോവുകയാണ്. ഉറച്ച പ്രതീക്ഷയോടെ നമുക്ക് ആഗോള സിനഡിന്റെ ഭാഗമാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത
25-03-2022

..........................................

N.B.: ഈ സർക്കുലർ 27/03/2022 ഞായറാഴ്ച കുർബാനമദ്ധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുന്നതിനും, ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കുന്നതിനുമായി അയച്ചു നൽകിയത്.

# ആഗോളസഭാ സിനഡ് 2021-2023

റോമിൽ നിന്ന് നൽകിയ ഒരുക്ക രേഖയെ ആധാരമാക്കി എറണാകുളം-അങ്കമാലി അതിരൂപത സിനഡൽ ടീം തയ്യാറാക്കിയ സഹായക രേഖ.

*പ്രസ്തുത ഒരുക്ക രേഖയുടെ മലയാള പരിഭാഷയ്ക്ക് www.ernakulam archdiocese.org/files/media/news/doc_400.pdf കാണുക. ആഗോള സിനഡിനെക്കുറിച്ച് കൂടുതലറിയാനും റോമിൽനിന്നു നൽകുന്ന സഹായക രേഖകൾ വായിക്കാനും https://www.synod.va/en.html സന്ദർശിക്കുക.*




### ലോഗോ-ഒരു വിശദീകരണം

വെളിച്ചത്തിന്റെയും ജ്ഞാനത്തിന്റെയും പ്രതീകമായ സ്വർണ്ണനിറത്തിൽ വാനോളം ഉയരുന്ന വൻവൃക്ഷം പ്രത്യാശയുടെ അടയാളമായ ക്രിസ്തുവിന്റെ കുരിശിനെ സൂചിപ്പിക്കുന്നു. ഈ ജീവവൃക്ഷം വഹിക്കുന്നത് ദിവ്യകാരുണ്യത്തെയാണ്. വൃക്ഷത്തിന്റെ വിരിച്ച കരങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്.

ജീവവൃക്ഷത്തിന്റെ തണലിലും അത് നിശ്വസിക്കുന്ന ആത്മശക്തിയിലും ദൈവജനം ഒരുമിച്ചു നടക്കുന്നു. ദൈവജനത്തിന്റെ ഒരുമിച്ചുള്ള നടത്തം സഭയുടെ സിനഡാത്മക അനുഭവത്തെ സൂചിപ്പിക്കുന്നു. കുട്ടികളും യുവജനങ്ങളുമാണ് യാത്രയ്ക്ക് തുടക്കമിടുന്നത്. അവരോടൊപ്പം, വൃദ്ധരും, മുതിർന്നവരും, രോഗികളും, ഭിന്നശേഷിക്കാരും, ഏകസ്ഥരും , വൈദികരും, സന്യസ്തരും, മെത്രാന്മാരും ഒരുമിച്ച് ഒരേ പാതയിൽ മുന്നേറുന്നു. മെത്രാനും സമർപ്പിതരും മുന്നിലോ പിന്നിലോ അല്ലാതെ ജനത്തിനൊപ്പം നടക്കുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. ചിത്രത്തിലെ വിവിധ വർണ്ണങ്ങൾ ആനന്ദത്തിന്റെ അടയാളമാണ്.

വിവിധ വിഭാഗങ്ങളിലും പ്രായത്തിലുമുള്ള മനുഷ്യരുടെ നിഴൽ ചിത്രങ്ങൾ മനുഷ്യവംശം ഒന്നിച്ച് ഒരു യാത്രയിലാണെന്ന സത്യം ഓർമ്മി

പ്പിക്കുന്നു. പൊരുത്തവും ക്രമവുമില്ലാത്ത അക്ഷരങ്ങൾ കൊണ്ടുള്ള എഴുത്ത് ഏകതാനതയെക്കാൾ വൈവിധ്യത്തിന് പ്രാഥമ്യം കല്പിക്കുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിൽ കാണുന്ന സഭയാണ് കത്തോലിക്കാസഭയുടെ ആദിരൂപവും യഥാർത്ഥ രൂപവുമെന്ന് വെളിപ്പെടുത്തുന്ന ഈ ലോഗോ തയ്യാറാക്കിയത് ഫ്രഞ്ചുകാരിയായ ഇസബെല്ല് ദ് സെനിയെസ് ആണ്.

**എന്താണ് സിനഡ്?**

ഒരുമിച്ച് എന്നർത്ഥമുള്ള 'സുൻ', വഴി എന്നർത്ഥമുള്ള 'ഹോദോസ്' എന്നീ ഗ്രീക്ക് പദങ്ങൾ ചേർന്നുണ്ടായ 'സുനോദോസ്' എന്ന വാക്കിൽ നിന്നാണ് സിനഡ് എന്ന പദവും സൂനഹദോസ് എന്ന പദവും ഉണ്ടായത്. സിനഡ്, സൂനഹദോസ് എന്നീ പദങ്ങളുടെ അർഥം ഒരുമിച്ചുള്ള നടത്തം, സഹയാത്ര എന്നൊക്കെയാണ്.

വഴിയായ ഈശോയോടൊപ്പമുള്ള യാത്രയിൽ ശിഷ്യർക്കും ജനങ്ങൾക്കും ഉണ്ടായത് സിനഡിന്റെ അനുഭവമാണ്. പരിശുദ്ധാത്മാവിന്റെ അദൃശ്യ നേതൃത്വത്തിൽ ആദിമസഭ ക്രിസ്തു കാണിച്ചുതന്ന മാർഗത്തിലൂടെ ഒരുമിച്ചു നടന്നു. അങ്ങനെ, സിനഡ് എന്നത് സഭയുടെ പര്യായപദമായി. എന്നാൽ, പിൽക്കാല ചരിത്രത്തിൽ, പ്രത്യേകം വിളിച്ചുചേർക്കപ്പെട്ട സഭാസമ്മേളനങ്ങളാണ് സിനഡ് എന്ന് അറിയപ്പെട്ടത്. ആ അർത്ഥത്തിലാണ് അഞ്ച് വർഷത്തിലൊരിക്കൽ മാർപാപ്പാമാർ വിളിച്ചുകൂട്ടുന്ന മെത്രാന്മാരുടെ സമ്മേളനം 'മെത്രാൻ സിനഡ്' എന്ന് അറിയപ്പെടുന്നത്. 2023 ലെ മെത്രാൻ സിനഡിന്റെ മുഖ്യ വിഷയം സഭയുടെ സിനഡാത്മകതയാണ്. സഭയുടെ ഒരുമിച്ചുള്ള സഞ്ചാരം എങ്ങനെയെന്ന് എല്ലാവരോടും ആലോചന ചോദിക്കുന്നതുവഴി അടുത്ത സിനഡിന്റെ വിഷയത്തിൽ മാത്രമല്ല, നടത്തിപ്പിലും സിനഡാത്മകത ദൃശ്യമായിരിക്കുന്നു.

ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ജീവിക്കുക, സ്നേഹത്തിന്റെ സുവിശേഷം ലോകം മുഴുവനും പ്രഘോഷിക്കുക -ഇതാണ് ക്രിസ്തു സഭയെ ഭരമേല്പിച്ച ദൗത്യം. കാലത്തിന്റെ പ്രത്യേകതകളോട് പ്രതികരിച്ചുകൊണ്ട് ഈ ദൗത്യം ഫലപ്രദമായി നിർവഹിക്കാനുള്ള വഴികളും വിധങ്ങളും കണ്ടെത്തുന്നതിനുവേണ്ടി പത്രോസിന്റെ പിൻഗാമിയും റോമിന്റെ മെത്രാനുമായ മാർപാപ്പ ലോകമെമ്പാടുമുള്ള മെത്രാന്മാരോട് കൂടിയാലോചന നടത്തുന്ന ഒരു

വിശുദ്ധ പാരമ്പര്യം കത്തോലിക്ക സഭക്കുണ്ട്. അഞ്ചു വർഷത്തിലൊരിക്കൽ റോമിൽ നടക്കുന്ന മെത്രാൻ സിനഡാണ് അതിനുള്ള സ്ഥിരം വേദി. അടുത്ത മെത്രാൻ സിനഡ് റോമിൽ നടക്കുന്നത് 2023 ഒക്ടോബറിലാണ്. ഇതുവരെ സഭയിലില്ലാതിരുന്ന വലിയ സവിശേഷതകളോടെയാണ് അടുത്ത മെത്രാൻ സിനഡ് നടക്കാൻ പോകുന്നത്. റോമിലെ മെത്രാൻ സിനഡിന് മുമ്പായി ദൈവജനം മുഴുവനോടും, പ്രത്യേകിച്ച്, പാവങ്ങളോടും, പലവിധത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരോടും, സഭയോട് വിയോജിച്ചു നിൽക്കുന്ന വിശ്വാസികളോടും, സഭക്ക് പുറത്തുള്ളവരോടും സാധിക്കുന്ന വിധത്തിലെല്ലാം കൂടിയാലോചന നടത്താൻ ഫ്രാൻസിസ് പാപ്പാ തീരുമാനിച്ചിരിക്കുന്നു. കൂടിയാലോചനകളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ മെത്രാന്മാരുടെ സിനഡ് പഠനത്തിനും വിചിന്തനത്തിനും വിധേയമാക്കും. റോമിലെ സിനഡിന്റെ തീരുമാനങ്ങൾ പ്രാദേശികതലങ്ങളിൽവരെ പ്രയോഗത്തിൽ വരുത്തുന്നതോടെയായിരിക്കും സിനഡൽ പ്രക്രിയകൾ സമാപിക്കുന്നത്.

"ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്" എന്ന് ശിഷ്യരോട് ചോദിച്ച ഈശോയെപ്പോലെ, സഭ സഭയെക്കുറിച്ചുതന്നെയാണ് സഭാതനയരോടും സകല മനുഷ്യരോടും ചോദിക്കുന്നത്. ഇതാണ് ചോദ്യം: സഭയുടെ അടിസ്ഥാന ഭാവമായ 'ഒരുമിച്ച് ഒരേ ദിശയിലുള്ള സഞ്ചാരം' ഇന്ന് എങ്ങനെയാണ് നടക്കുന്നത്? ആലങ്കാരികമായ ഈ ചോദ്യത്തിന്റെ അർഥം മനസ്സിലാകണമെങ്കിൽ ഈ ചോദ്യം വിരൽ ചൂണ്ടുന്ന വിഷയത്തിന്റെ വിവിധ തലങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

1. സഭ എന്ന് പറയുമ്പോൾ ആരൊക്കെയാണ് അതിന്റെ ഭാഗമായിരിക്കുന്നത്? നിങ്ങൾ സഭയുടെ ഭാഗമാണെന്നു തോന്നിയിട്ടുണ്ടോ? ഏതെങ്കിലും വ്യക്തികളോ ഗ്രൂപ്പുകളോ സഭയിൽ അവഗണിക്കപ്പെടുന്നതായി തോന്നിയിട്ടുണ്ടോ?

2. സഭയിൽ എല്ലാവരും, പ്രത്യേകിച്ച് സമർപ്പിതർ, അത്മായർ, അവരിൽത്തന്നെ യുവതീയുവാക്കൾ, കേൾക്കപ്പെടുന്നുണ്ടോ? ന്യൂനപക്ഷങ്ങളും പതിവായി ഒഴിവാക്കപ്പെടുന്നവരും എന്ത് ചിന്തിക്കുന്നുവെന്നു മനസ്സിലാക്കാൻവേണ്ട സംവിധാനം സഭയിലുണ്ടോ? പരസ്പരമുള്ള കേൾവിയെ തടസ്സപ്പെടുത്തുന്ന മുൻവിധികൾ എന്തൊക്കെയാണ്?

3. സഭാവേദികളിൽ തുറന്നു സംസാരിക്കാൻ കഴിയുന്നുണ്ടോ? കാപട്യവും അവസരവാദവുമില്ലാത്ത ആശയവിനിമയം ആണോ നമുക്കിടയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നത്? നമുക്ക് പ്രധാനപ്പെട്ട കാര്യങ്ങൾ പൊതുസമൂഹത്തോടു പറയാൻ കഴിയുന്നുണ്ടോ? സമൂഹമാധ്യമങ്ങളിലും പൊതുസമൂഹത്തിലും ആരാണ് സഭയുടെ വക്താക്കൾ?

4. നമ്മുടെ പ്രാർത്ഥനകളും, പരിശുദ്ധ കുർബാനയും, മറ്റു ആത്മീയ ശുശ്രൂഷകളും അനുഭവപരമാണോ? എല്ലാവരുടെയും സജീവ പങ്കാളിത്തം ഇവയിലുണ്ടോ? ഒരുമയിൽ വളരാൻ ഇവ സഹായകമാണോ?

5. സാമൂഹ്യ-രാഷ്ട്രീയ- സാംസ്കാരിക മേഖലകളിൽ ഫലപ്രദമായ ക്രൈസ്തവ സാക്ഷ്യം നൽകാൻ നമുക്ക് കഴിയുന്നുണ്ടോ? ഒരു പൗരസ്ത്യ സഭയായ സീറോമലബാർ സഭയുടെ വിവിധ പാരമ്പര്യങ്ങൾ സിനഡാത്മക ശൈലിയിൽ സമന്വയിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? നമ്മോടു ഇടകലർന്ന് ജീവിക്കുന്ന ലത്തീൻ, സീറോ-മലങ്കര സഭകളോടുള്ള ബന്ധവും സഹകരണവും എങ്ങനെയാണ്?

6. സഭാംഗങ്ങൾക്കിടയിലെ കാഴ്ചപ്പാടുകളിലെ വ്യത്യാസങ്ങളും അഭിപ്രായ വ്യത്യാസങ്ങളും എങ്ങനെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്?

ഇതര മതവിശ്വാസികൾ, ദൈവവിശ്വാസമില്ലാത്തവർ, സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ, ദാരിദ്ര്യത്തിൽ കഴിയുന്നവർ തുടങ്ങിയവരോട് സംസാരിക്കാനും അവരിൽനിന്നു പഠിക്കാനും സഭ തയ്യാറാവുന്നുണ്ടോ?

7. യാക്കോബായ, ഓർത്തഡോക്സ്, പെന്തക്കോസ്ത് എന്നിങ്ങനെയുള്ള ഇതര ക്രൈസ്തവ സമൂഹങ്ങളുമായി നമ്മുടെ ബന്ധം എങ്ങനെയാണ്?

8. അതിരൂപത, ഫൊറോന, ഇടവക, സംഘടന, സ്ഥാപനം തുടങ്ങിയ പ്രാദേശിക സഭാഘടകങ്ങളിൽ അധികാരം വിനിയോഗിക്കപ്പെടുന്നത് എങ്ങനെയാണ്? കൂട്ടുത്തരവാദിത്തവും കൂടിയാലോചനയും വേണ്ടത്രയുണ്ടോ?

9. നമ്മുടെയിടയിൽ വിവിധ വിഷയങ്ങൾ വിലയിരുത്തുന്നതിലും തീരുമാനങ്ങൾ എടുക്കുന്നതിലും പരിശുദ്ധാത്മാവിന് സ്ഥാനം നൽകാറുണ്ടോ? ആത്മാവിനോടുള്ള അനുസരണത്തിൽ നിന്നാണോ അഭിപ്രായ ഐക്യങ്ങൾ രൂപപ്പെടുന്നത്? പങ്കാളിത്തവും സുതാര്യതയും കണക്കുകാണിക്കലും ഉറപ്പുവരുത്താൻ നാം എന്തു ചെയ്യുന്നു?

10. നമ്മുടെ സഭയിൽ വ്യക്തികൾക്ക്, പ്രത്യേകിച്ച്, നേതൃത്വ ശുശ്രൂഷയിലേക്ക് കടന്നുവരുന്നവർക്ക് എന്ത് രൂപീകരണമാണ് സഭ നൽകുന്നത്? പരസ്പരം കേട്ടും സംഭാഷണത്തിലേർപ്പെട്ടും എല്ലാവരോടുമൊപ്പം സഞ്ചരിക്കാൻ പരിശീലിച്ചവരാണോ ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിൽ എത്തുന്നത്? നാം ജീവിക്കുന്ന സംസ്കാരത്തിന്റെ ഗതി തിരിച്ചറിയാൻ നമുക്കും നമ്മെ നയിക്കുന്നവർക്കും സാധിക്കുന്നുണ്ടോ? അതിന്റെ സ്വാധീനം എത്ര മാത്രം സഭയുടെ ശൈലികളിൽ ഉൾച്ചേർന്നിട്ടുണ്ടന്ന് നാം പരിശോധിച്ചിട്ടുണ്ടോ?

ഈ ചോദ്യങ്ങളെ മുൻനിറുത്തി വ്യക്തിപരമായ ഒരു മുന്നൊരുക്കം നടത്തിയതിനുശേഷമാണ് പ്രാദേശികതല (കുടുംബ യൂണിറ്റ്/ഇടവക /സംഘടന/സ്ഥാപനം) സിനഡൽ സമ്മേളനത്തിന് ഒരാൾ വരേണ്ടത്. വ്യക്തിപരമായ മുന്നൊരുക്കം നടത്തേണ്ട വിധം താഴെ ചേർക്കുന്നു:

ഒന്നാമതായി, ഈ ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിലേക്ക് കൊണ്ടുവരുന്ന സംഭവങ്ങളും അനുഭവങ്ങളും ഓർമ്മിച്ചെടുക്കുക.

രണ്ടാമതായി, നിങ്ങൾക്കുണ്ടായ അനുഭവങ്ങൾ നിങ്ങൾക്ക് നൽകിയത് സന്തോഷമോ മുറിവുകളോ ഉൾക്കാഴ്ചകളോ എന്ന് പരിശോധിക്കുക.

മൂന്നാമതായി, സഭയിൽ സംഭവിച്ചതും നിങ്ങൾ അനുഭവിച്ചതുമായ കാര്യങ്ങളിലൂടെ പരിശുദ്ധാത്മാവ് എന്താണ് ആവശ്യപ്പെടുന്നത് എന്ന് ചിന്തിക്കുക. വ്യക്തിപരമായ മുന്നൊരുക്കത്തിനുശേഷം ഒത്തുചേരുന്നവർ പങ്കെടുക്കുന്ന സിനഡൽ സമ്മേളനത്തിന്റെ ക്രമം താഴെപ്പറയുന്ന വിധത്തിലായിരിക്കും.

## 1. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന (എല്ലാവരും ഒരുമിച്ച്)

റൂഹായേ, റൂഹായേ, പാവന റൂഹായേ
യേശുവിൻ മുഖവും സ്വരവും,
തെളിയാനിത് സമയം
സഭയിൽ നിറയാനിതു സമയം
സ്നേഹാഗ്നിയായ് പടർന്നിടണേ, സർവ്വം നവീനമാക്കണമേ (2)
സത്യകവാടം തുറന്നു നീ
കാവൽ നിൽക്കണമേ (2)

റൂഹായേ, റൂഹായേ, പാവന റൂഹായേ
വിചിന്തനങ്ങൾ, വിയോജനങ്ങൾ
വിനീതമാകണമേ (2)
നല്ലിടയൻ തൻ ചുവടുകളിൽ
തുല്യതയോടനു യാത്രകളിൽ
വിശാലമനസും വിവേകവചസും
ഉദാരഹൃദയവുമായ് (2)

റൂഹായേ റൂഹായേ, പാവന റൂഹായേ
സമാഗമങ്ങൾ സഭാതലങ്ങൾ സുതാര്യമാകണമേ (2)
ആത്മാന്വേഷണപാതകളിൽ
നാനാത്വത്തിൻ ഏകതയിൽ
സമൂഹവലയം പ്രകാശനിലയം
നിതാന്തജാഗ്രതയിൽ (2)

റൂഹായേ, റൂഹായേ, പാവന റൂഹായേ
യേശുവിൻ മുഖവും സ്വരവും
തെളിയാനിത് സമയം
സഭയിൽ നിറയാനിതു സമയം
സ്നേഹാഗ്നിയായ് പടർന്നിടണേ, സർവ്വം നവീനമാക്കണമേ (2)
സത്യകവാടം തുറന്നു നീ
കാവൽ നിൽക്കണമേ (2)

പരിശുദ്ധാത്മാവേ, അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി അങ്ങേ തിരുമുമ്പിൽ ഞങ്ങൾ നിൽക്കുന്നു. അങ്ങുമാത്രം ഞങ്ങളെ നയിക്കാനായി ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങ് ഭവനമൊരുക്കണമേ. ഞങ്ങൾ

നടക്കേണ്ട വഴിയും അത് പിന്തുടരേണ്ട വിധവും ഞങ്ങളെ പഠിപ്പിക്കണമേ. പാപികളും ദുർബലരുമായ ഞങ്ങൾ ക്രമരാഹിത്യം പ്രചരിപ്പിക്കാൻ ഇടയാകാതിരിക്കട്ടെ. അജ്ഞത മൂലം തെറ്റായ പാത പിന്തുടരാനോ, പക്ഷപാതം ഞങ്ങളുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കാനോ അങ്ങ് അനുവദിക്കരുതേ. അങ്ങിൽ ഞങ്ങൾ ഐക്യം കണ്ടെത്തട്ടെ. അങ്ങനെ, നിത്യജീവന്റെ പാതയിൽ ഒരുമിച്ച് സഞ്ചരിക്കാനും സത്യത്തിന്റെയും ശരിയുടെയും മാർഗത്തിൽനിന്നും മാറിപ്പോകാതിരിക്കാനും ഞങ്ങൾക്കിടയാകട്ടെ. എല്ലായ്പ്പോഴും എല്ലായിടങ്ങളിലും പിതാവിനോടും പുത്രനോടുമുള്ള ഐക്യത്തിൽ എന്നും എന്നേയ്ക്കും പ്രവർത്തനനിരതനായ അങ്ങയോട് ഞങ്ങൾ ഇതെല്ലാം അപേക്ഷിക്കുന്നു, ആമ്മേൻ.

2. സ്വാഗതം : കോർഡിനേറ്റർ

3. വചനവായനയും വിചിന്തനവും : വികാരി യുക്തമായ ഒരു വചനഭാഗം വായിച്ച് വികാരിയച്ചൻ രണ്ടോ മൂന്നോ മിനിറ്റ് നീളുന്ന വിചിന്തനം നടത്തുന്നു.

4. ഗ്രൂപ്പുതിരിയൽ

ആറോ ഏഴോ പേരുള്ള ഗ്രൂപ്പുകളായി തിരിഞ്ഞു നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലേക്ക് പോകുന്നു. ഓരോ ഗ്രൂപ്പിലെയും ചർച്ചകൾ നിയന്ത്രിക്കാൻ ഒരു മോഡറേറ്ററെയും, ചർച്ചകൾക്കൊടുവിൽ ആശയസമന്വയം നടത്താൻ ഒരാളെയും ഗ്രൂപ്പംഗങ്ങൾ തെരഞ്ഞെടുക്കുന്നു.

5. ഗ്രൂപ്പ് ചർച്ച

മൂന്നു ഘട്ടങ്ങളായി ചർച്ച നടത്തുന്നു. ഗ്രൂപ്പ് ചർച്ചക്ക് ഏറ്റവും കുറഞ്ഞത് ഒരു മണിക്കൂർ സമയം നൽകണം.

ഒന്നാം ഘട്ടം – അനുഭവങ്ങൾ പങ്കുവയ്ക്കൽ: നൽകപ്പെട്ട ചോദ്യങ്ങളെ മുൻനിറുത്തിയുള്ള അനുഭവങ്ങൾ പങ്കുവയ്ക്കാനുള്ള അവസരം എല്ലാവർക്കും നല്കുക. മോഡറേറ്റർ സമയക്രമം നിശ്ചയിച്ചിട്ടുണ്ടാകണം. ചിലർ അവരുടെ ഒറ്റപ്പെട്ട അനുഭവങ്ങളായിരിക്കും പറയുന്നത്. പറയുന്നതിൽ യുക്തിഭംഗങ്ങൾ ഒക്കെ ഉണ്ടായേക്കാം. അത് കേൾക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. ഈ ഘട്ടത്തിൽ ചർച്ചകൾ വേണ്ട. അനുഭവങ്ങൾ പങ്കുവച്ചശേഷം അല്പസമയം നിശബ്ദമായിരിക്കുക. ഈ സമയം കേട്ട കാര്യങ്ങളെക്കുറിച്ച് അംഗങ്ങൾക്ക് ചിന്തിക്കാം.

രണ്ടാം ഘട്ടം- സംഭാഷണം: എല്ലാവർക്കും തുറന്ന് സംസാരിക്കാനുള്ള അവസരം കൊടുക്കുക. പരസ്പരം ചോദിക്കാം, ഉത്തരങ്ങൾ പറയാം, വിയോജിക്കാം, കൂട്ടിച്ചേർക്കാം. ചോദ്യങ്ങളോടുള്ള പ്രതികരണം- അഭിപ്രായം, എതിർചോദ്യം, അനുഭവം, നിർദ്ദേശം, ഏറ്റുപറച്ചിൽ-എന്ന രീതിയിൽ കണ്ടാൽ മതിയാകും. തുടർന്ന് കുറച്ചു സമയം നിശബ്ദമായിരിക്കുക. കേട്ടതിന്റെ വെളിച്ചത്തിൽ പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുന്ന കാര്യങ്ങൾക്ക് ചെവി കൊടുക്കാനുള്ള സമയമാണ്.

മൂന്നാം ഘട്ടം - വിവേചിച്ചറിയൽ: ഇതുവരെ കേട്ടതിന്റെയും പറഞ്ഞതിന്റെയും വെളിച്ചത്തിൽ ദൈവാത്മാവ് പറയിപ്പിക്കുന്ന കാര്യങ്ങൾ പറയാനുള്ള സമയമാണ്. എന്തൊക്കെ അഭിപ്രായങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടണം എന്ന് അംഗങ്ങൾ തീരുമാനിക്കുന്നത് ഈ ഘട്ടത്തിലാണ്. ഭൂരിപക്ഷപ്രകാരം കാര്യം തീരുമാനിക്കാം എന്ന നിലപാട് ഒരു വിഷയത്തിലും സ്വീകരിക്കേണ്ടതില്ല. ഭൂരിപക്ഷം പറയുന്നത് ശരിയാവണമെന്നില്ല. സിനഡ് പാർലമെന്റ് പോലൊരു സംവിധാനമല്ല. ഒറ്റതിരിഞ്ഞ സ്വരങ്ങളിലൂടെയും ദൈവാത്മാവ് സംസാരിക്കും.

6. എല്ലാ ഗ്രൂപ്പുകളും സമ്മേളന സ്ഥലത്തു ഒരുമിച്ച് ചേരുന്നു. ഓരോ ഗ്രൂപ്പിന്റെയും കണ്ടെത്തലുകൾ വായിച്ചവതരിപ്പിച്ചതിനുശേഷം അത് സംഘാടക ടീമിന് കൈമാറുന്നു.

7. സംഘാടകരിലൊരാൾ എല്ലാവർക്കും നന്ദി പറയുന്നു.


8. സമാപന പ്രാർത്ഥന

അംഗങ്ങളിൽ ഒരാൾ നടത്തുന്ന സ്വയം പ്രേരിത പ്രാർത്ഥനയോടെ സമ്മേളനം തീരുന്നു.

*ഇതിൽ ചേർത്തിട്ടുള്ള പ്രാർത്ഥനാഗീതം രചിച്ചതും സംഗീതം നൽകിയതും ബഹു. തദേവൂസ് അരവിന്ദത്ത് അച്ചനാണ്. ഈ ഗീതം കേൾക്കാനായി Pilgrims Devotional എന്ന YouTube Channel സന്ദർശിക്കുക. ഗീതത്തെ തുടർന്ന് ചേർത്തിട്ടുള്ള പ്രാർത്ഥന രചിച്ചത് വിശുദ്ധ ഇസിദോറാണ്.*

* * * * *

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## APRIL 2022

| | | | |
|---|---|---|---|
| 1 | am | Online | Deepika Apex Board Meeting |
| 9 | pm | Renewal Centre | Diaconate Ordination |
| 9 | pm | Karukutty Ashram | Adoration Ending |
| 19 | am | Koonammavu | Vestition of CMC Sisters (Ernakulam Province) |
| 20 | am | Kuttipuzha | Ordination of Dn. Martin Theckanath |
| 22 | pm | Nedumprakad | Golden Jubilee Celebration of CLC |
| 23 | pm | Thalayolaparambu | Vestition: SABS Sisters |
| 27 | am | Asokapuram | FCC Generalate - Final Vow |
| 28 | am | Pothiyakkara | Vestition of CMC Sisters (Angamaly Province Sisters) |
| 28 | pm | Pongam | Naipunnya - Jubilee Celebrations |
| 30 | pm | Angamaly Basilica | Vestition of Archdiocesan Seminarians |

* * * * *

# കച്ചേരിക്കാര്യം

## വിശുദ്ധ തൈലം

പള്ളികളിലേക്കുള്ള വിശുദ്ധ തൈലം ഓശാന കഴിഞ്ഞുള്ള ചൊവ്വാഴ്ച മുതൽ അതിരൂപതാ കച്ചേരിയിൽനിന്നും ലഭിക്കുന്നതാണ്.

## നാമഹേതുകത്തിരുനാൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. ഹോർമീസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# അഭിനന്ദനങ്ങൾ



റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്നും സൈക്കോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. ജോപോൾ കിരിയാന്തൻ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "Human formation and the development of self-esteem: A grounded theory research in Indian seminaries."

---

**സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ,**

നമ്മുടെ അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികരാകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള **ദൈവവിളി ക്യാമ്പ്** നടത്തുവാൻ ആഗ്രഹിക്കുന്നു.

SSLC, Plus two, Degree and above കഴിഞ്ഞവരിൽനിന്നും വൈദികരാകാൻ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാൻ ബ. അച്ചന്മാർ താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്ഥലം : **തിരുഹൃദയ മൈനർ സെമിനാരി, തൃക്കാക്കര**

തീയതി : **2022 മെയ് 1, 2, 3**

മെയ് 1-ാം തീയതി ഞായറാഴ്ച വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 3-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു.

**ഫാ. ജോമോൻ മാടവനക്കാട്**
**വൊക്കേഷൻ പ്രൊമോട്ടർ**
**Mob: 9744876897**

## മാർ എബ്രാഹം കാട്ടുമന പിതാവിന്റെ 27-ാം ചരമവാർഷികം



മാർ എബ്രാഹം കാട്ടുമന പിതാവിന്റെ ചരമ വാർഷികദിനമായ ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 6.00-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും.

**ഫാ. ഹോർമീസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

---



## നിര്യാതരായി



### സിസ്റ്റർ ലൂസി CSN

സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 24-04-1931 |
| ആദ്യവ്രതം | : | 19-03-1952 |
| മരണം | : | 22-02-2022 |



### സി. ക്രിസ്റ്റിൻ പഞ്ഞിക്കാരൻ SJSM

സാൻജോഭവൻ, വേങ്ങൂർ

| | | |
|---|---|---|
| ജനനം | : | 15-05-1948 |
| വ്രതവാഗ്ദാനം | : | 07-09-1971 |
| മരണം | : | 14-02-2022 |

# വാർത്തകളും വിശേഷങ്ങളും

## റഷ്യയെയും ഉക്രെയിനേയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചു

റഷ്യയും ഉക്രെനും തമ്മിൽ തുടരുന്ന ക്രൂരമായ യുദ്ധത്തിനിടയിൽ, വിശ്വാസത്തിന്റെ പ്രകടനമായി ഫ്രാൻസിസ് പാപ്പാ ഇരു രാജ്യങ്ങളെയും മാനവരാശി മുഴുവനെയും മംഗളവാർത്തതിരുന്നാൾ ദിനമായ 2022 മാർച്ച് 25-ാം തീയതി വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽവച്ച് പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ചു. പാപ്പായുടെ അഭ്യർത്ഥന സ്വീകരിച്ച്, ലോകമെമ്പാടുമുള്ള കത്തോലിക്കാ സമൂഹവും വിവിധയിടങ്ങളിൽ പ്രാർത്ഥനയിൽ സംബന്ധിച്ച് ലോകസമാധാനത്തിനുവേണ്ടിയും, നിലവിലെ യുദ്ധത്തിന് അറുതിയുണ്ടാകാൻ വേണ്ടിയും പ്രാർത്ഥിച്ചു.

## പ്രെദിക്കാത്തെ എവഞ്ചേലിയും (Predicate Evangelium)

റോമൻ കൂരിയയെ സംബന്ധിച്ച അപ്പസ്തോലിക ഭരണഘടന 2022 മാർച്ച് 19-ാം തീയതി ഫ്രാൻസിസ് പാപ്പാ പരസ്യപ്പെടുത്തി. ഇത് 2022 ജൂൺ 5-ാം തീയതി പെന്തക്കുസ്ത തിരുനാൾ മുതൽ പ്രാബല്യത്തിൽ വരും. ഈ അപ്പസ്തോലിക ഭരണഘടന 2013-ലെ കോൺക്ലേവിന് മുമ്പായി ആരംഭിച്ച പൊതുസമ്മേളനം മുതൽ തുടങ്ങിയ നീണ്ട ശ്രവണ പ്രക്രിയകളുടെ പരിണതഫലമാണ്. 1988 ജൂൺ 28-ന് ജോൺ പോൾ രണ്ടാമൻ പാപ്പാ പരസ്യപ്പെടുത്തുകയും 1989 മാർച്ച് 1 മുതൽ പ്രാബല്യത്തിലായിരുന്നതുമായ *'പാസ്റ്റോർ ബോനൂസ്'* എന്ന ഭരണഘടനയ്ക്ക് പകരമാണ് പുതിയ ഭരണഘടന. പ്രാദേശിക സഭകൾക്കും സുവിശേഷവൽക്കരണ പ്രവർത്തനത്തിനും കൂടുതൽ സേവനങ്ങൾ നൽകാനായി റോമൻ കൂരിയയ്ക്ക് കൂടുതൽ പ്രേഷിതഘടന നൽകുന്നതാണ് പുതിയ അപ്പസ്തോലിക ഭരണഘടനയായ *'പ്രെദിക്കാത്തെ എവഞ്ചേലിയും.'*

# AICO

## (Archdiocesan Institutions' Central Office)

### ബോർഡ് മീറ്റിംഗ്

| | |
|---|---|
| മാർച്ച് 05 | നൈപുണ്യ ഇന്റർനാഷണൽ, എറണാകുളം |
| മാർച്ച് 05 | നൈപുണ്യ ഓവർസീസ് ട്രസ്റ്റ് |
| മാർച്ച് 07 | റിന്യൂവൽ സെന്റർ, കലൂർ |
| മാർച്ച് 09 | നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം |
| മാർച്ച് 09 | നൈമെഡ്സ് വെൽഫെയർ ഫൗണ്ടേഷൻ, പൊങ്ങം |
| മാർച്ച് 10 | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കലൂർ |

### സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്

| | |
|---|---|
| ഫെബ്രു. 23 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഫെബ്രു. 24 | നിവേദിത, ചുണങ്ങംവേലി |
| ഫെബ്രു. 25 | മാർ ളൂയീസ്, കറുകുറ്റി |
| മാർച്ച് 08 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| മാർച്ച് 11 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, പൊങ്ങം |
| മാർച്ച് 12 | ലാൻഡ് സർവ്വേ, ചൂണ്ടി |
| മാർച്ച് 19 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| മാർച്ച് 21 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| മാർച്ച് 22 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

ഏപ്രിൽ മാസത്തെ നിയോഗം: **ദൈവവിളിക്കായ്**

1) **ഇന്റൻസീവ് ബൈബിൾ കോഴ്സ്:** ഈ വർഷത്തെ വിഷയം : 'ഒപ്പം നടക്കാം'. 2023-ലെ മെത്രാന്മാരുടെ സിനഡിന്റെ വിഷയവുമായി ബന്ധപ്പെടുത്തിയാണ് ഈ ആപ്തവാക്യം തെരഞ്ഞെടുത്തിട്ടുള്ളത്.

ഇന്റൻസീവ് ബൈബിൾ കോഴ്സിനുള്ള പുസ്തകം മാർച്ച് മാസം 25-ാം തീയതി പ്രസിദ്ധീകരിച്ചു. 2 സെറ്റ് പുസ്തകമാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സുവരെ ഒരു സെറ്റും (KidCat Series - 8.), ആറാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ മറ്റൊരു സെറ്റും (KidCat Series - 9.).

- IBC-യുടെ അതിരൂപതാതലത്തിലുള്ള ഔദ്യോഗികമായ ഉദ്ഘാടനം 2022 ഏപ്രിൽ 2-ാം തീയതി ശനിയാഴ്ച.
- ഇടവകതലത്തിലുള്ള IBCയുടെ ഉദ്ഘാടനം ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച.

ഓരോ ഇടവകയുടെയും സാഹചര്യവും സമയവുമനുസരിച്ച് സജീവമായി ഇന്റൻസീവ് ബൈബിൾ കോഴ്സ് നടത്തുവാൻ ഇടവകകൾക്ക് തന്നെ തീയതികൾ ക്രമീകരിക്കാവുന്നതാണ്.

- ഒന്നാം ക്ലാസ്സു മുതൽ ഒമ്പതാം ക്ലാസ്സുവരെ ഏപ്രിൽ മാസത്തിൽ തന്നെ IBC നടത്തുന്നതാണ് ഉചിതം (4-ാം തീയതി മുതൽ 8-ാം തീയതി വരെ).
- പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികൾക്കുവേണ്ടി ഏറ്റവും സൗകര്യപ്രദമായ ദിവസങ്ങളിൽ ഇടവകകളിൽ IBC സംഘടിപ്പിക്കുവാൻ പരിശ്രമിക്കുമല്ലൊ.

IBC ഒരു വർഷത്തെ വിശ്വാസപരിശീലനത്തിന്റെ ഭാഗമാണ്. അതിനാൽ അതിരൂപതയിലെ വിശ്വാസ പരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന പാഠപുസ്തകങ്ങൾ ഉപയോഗിച്ച് വേണം ഇത് നടത്തുവാൻ. ധ്യാനം, വെക്കേഷൻ ക്യാമ്പ് എന്നിവ IBC-ക്ക് പകരമാകില്ല എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2) പരീക്ഷാഫലം:** എറണാകുളം-അങ്കമാലി അതിരൂപതയിൽ 2022 ഫെബ്രുവരി 27-ന് നടന്ന പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ പരീക്ഷാഫലം 26/03/2022 Caticorpil -ൽ ലഭ്യമാക്കിയിട്ടുണ്ട്. പത്താം ക്ലാസിൽ 5890 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 250 പേർക്ക് A+ Grade ഉണ്ട്. പന്ത്രണ്ടാം ക്ലാസിൽ 5760 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 224 പേർക്ക് A+ Grade ഉണ്ട്.

**3) പുനഃപരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ ഏതെങ്കിലും സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കാതിരിക്കുകയോ, ജയിക്കുവാനുള്ള മാർക്കു ലഭിക്കാതിരിക്കുകയോ ചെയ്താൽ പുനഃപരീക്ഷയിൽ പങ്കെടുക്കാം. വികാരിയച്ചന്റെ കത്തോടെ, കുട്ടിയുടെ പേരും, രജിസ്റ്റർ നമ്പർ, ക്ലാസ്സ്, കോൺടാക്റ്റ് ചെയ്യുവാനുള്ള ഫോൺ നമ്പറും ഏപ്രിൽ 18 തിങ്കളാഴ്ച യ്ക്ക് മുൻപായി 50 രൂപ ഫീസടച്ച് അതിരൂപതാകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പുനഃപരീക്ഷയുടെ തീയതി 2022 മെയ് മാസം 08-ാം തീയതി ഞായറാഴ്ച ആയിരിക്കും. ഒന്നാം സെമസ്റ്റർ പരീക്ഷ രാവിലെ 10.00 മുതൽ 12.00 വരെയും രണ്ടാം സെമസ്റ്റർ പരീക്ഷ ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെയും ആയിരിക്കും.

**4) മൂല്യബോധന പഠനം സംസ്ഥാനതല സ്കോളർഷിപ്പ് :**
IV, VII, X ക്ലാസ്സുകളിലെ കുട്ടികൾക്കായി 2022 ഫെബ്രുവരി 05-ന് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ മുല്യബോധനപഠനം സ്കോളർഷിപ്പ് പരീക്ഷയിൽ നമ്മുടെ അതിരൂപത യിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികളും സ്കൂളുകളും താഴെ ചേർക്കുന്നു.

Class IV - 2nd Rank - Daniesh Jolly - Infant Jesus School, Thrikkakara - Malayalam Medium

Class VII - 3rd Rank - Angelina Joby - Infant Jesus School, Thrikkakara - Malayalam Medium

Class IV - 1st Rank - Joann Gigit - Little Flower Public School, Muringoor - English Medium

Class X - 1st Rank - Ann Mariya P. Alappat - Little Flower Public School, Muringoor - English Medium

Class X - 2nd Rank - Sneha E S - Little Flower Public School, Muringoor - English Medium

Class X - Consolation Prizes Malayalam Medium

1. Ciya Sebi - St. Joseph's G H S, Karukutty
2. Sneha Poly - St. Joseph's G H S, Karukutty
3. Alviya Shijo - St. Joseph's H S S, Kidangoor
4. Stefy Tomy - St. Joseph's H S S, Koonammavu

സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത് വിജയികളായവർക്ക് എല്ലാ വിജയാശംസകളും നേരുന്നു. പരീക്ഷക്കായി കുട്ടികളെ ഒരുക്കിയവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**5) സ്പർശ്:** എറണാകുളം-അങ്കമാലി അതിരൂപതയിൽ ഈ വർഷം +1 പൂർത്തിയാക്കി +2 ക്ലാസ്സിലെ വിശ്വാസപരിശീലനത്തിന് ഒരുങ്ങുന്ന ലീഡേഴ്സിനായി 'സ്പർശ്' എന്ന പേരിൽ Orientation Camp നടത്തുവാൻ പ്ലാൻ ചെയ്യുന്നു. ഏപ്രിൽ മാസം അവസാനത്തോടെ ക്യാമ്പ് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

- ഈശോയുടെ സ്നേഹാനുഭവത്തിൽ കുട്ടികൾ വളരാനും ജീവിതത്തിൽ ക്രിസ്തീയമായ ദിശാബോധം ലഭിക്കാനും തങ്ങളുടെ വ്യക്തിത്വവികാസത്തിനുതകുന്ന ദർശനങ്ങൾ സ്വായത്തമാക്കാനും ഈ ക്യാമ്പ് ലക്ഷ്യം വയ്ക്കുന്നു.

ഒരിടവകയിൽ നിന്നും, പ്ലസ്സ് വൺ ക്ലാസ്സിൽ പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്ന (ബൈബിൾ കലോത്സവം, ക്വിസ്സ്, ചർച്ചകൾ) ഒരാൺകുട്ടിയേയും ഒരു പെൺകുട്ടിയേയുമാണ് ക്യാമ്പിലേക്ക് അയയ്ക്കേണ്ടത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കാണ് ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരം. ഭക്ഷണം, താമസം ഉൾപ്പെടെ ആകെ ഫീസ് 1000/- രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 10-ന് മുൻപ് അതിരൂപത ഓഫീസിൽ 250/- രൂപ ഫീസ് അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബാക്കി തുകയായ 750/- രൂപ ക്യാമ്പിന് വരുമ്പോൾ ഏൽപ്പിക്കേണ്ടതാണ് (ഫീസ് കുട്ടികളിൽ നിന്നോ ഇടവകയിൽ നിന്നോ എടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്).

**6) ജൂബിലിവർഷം:** 2019-20, 2020-21, 2021-22 വർഷങ്ങളിൽ വിശ്വാസപരിശീലനരംഗത്ത് 25 വർഷവും 40 വർഷവും 50 വർഷവും പൂർത്തിയാക്കിയ അദ്ധ്യാപകർ ഇടവകയിൽ ഉണ്ടെങ്കിൽ വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടെ അവരുടെ പേര്, വീട്ടുപേര്, ഇടവക,

ഒരു പാസ്പോർട്ടു സൈസ് ഫോട്ടോ എന്നിവ അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏപ്രിൽ 15-ന് മുൻപായി ഏല്പിക്കേണ്ടതാണ്.

**7) ഫൊറോന ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ്:**
2022 മാർച്ച് 7-ന് വിശ്വാസപരിശീലനകേന്ദ്രഓഫീസിൽ ഫൊറോന ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ് നടത്തുകയുണ്ടായി. കഴിഞ്ഞ വർഷത്തിലെ വിശ്വാസപരിശീലന പരിപാടികളെക്കുറിച്ചുള്ള വിലയിരുത്തൽ, ഇന്റൻസീവ് ബൈബിൾ കോഴ്സ്, അടുത്ത അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങൾ എന്നിവ ആയിരുന്നു വിഷയങ്ങൾ.

**8) നന്ദി:** അതിരൂപത വിശ്വാസപരിശീലനവിഭാഗത്തിന്റെ ഫൊറോന ഡയറക്ടർമാരായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച് പുതിയ പ്രവർത്തനമേഖലകളിലേക്ക് യാത്രയായ ഫാ. അഗസ്റ്റിൻ ഭരണികുളങ്ങര, ഫാ. തോമസ് മഴുവഞ്ചേരി, ഫാ. ബൈജു ഇടശ്ശേരി, ഫാ. പോൾ അമ്പൂക്കൻ എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും.

**9) അഭിനന്ദനം:** അതിരൂപത വിശ്വാസപരിശീലനവിഭാഗത്തിന്റെ പുതിയ ഫൊറോന ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുക്കുന്നവർ: ചേർത്തല -ഫാ. പ്രദീഷ് പാലമൂട്ടിൽ, ഇടപ്പള്ളി - ഫാ. റിജു വെളിയിൽ, കിഴക്കമ്പലം - ഫാ. ജോസ് ചോലിക്കര, കാഞ്ഞൂർ - ഫാ. അഗസ്റ്റിൻ ഭരണികുളങ്ങര എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനവും പ്രാർത്ഥനാശംസകളും.

**10) സോണൽ മീറ്റിംഗ്:** 16 ഫൊറോനകളിലെ കാറ്റക്കിസം ഫൊറോന കൗൺസിലുകളുടെയും പ്രധാനാദ്ധ്യാപകരുടെയും ഓൺലൈൻ അഡ്മിനിസ്ട്രേറ്റർമാരുടെയും സോണൽ മീറ്റിംഗ് വിവിധ സ്ഥലങ്ങളിലായി നടന്നു. സോണൽ മീറ്റിംഗ് ഏറ്റെടുത്തു നടത്തിയ മൂഴിക്കുളം ഫൊറോനാപള്ളി, ചേർത്തല ഫൊറോനാപള്ളി, കിഴക്കമ്പലം ഫൊറോനാപള്ളി, ഇടപ്പള്ളി ഫൊറോനാപള്ളി, കറുകുറ്റി ഫൊറോനാപള്ളി, കാഞ്ഞൂർ ഫൊറോനയിലെ കാലടി സെന്റ് ജോർജ് പള്ളി എന്നിവിടങ്ങളിലെ ബഹു. വികാരിയച്ചന്മാർക്കും എല്ലാ ഫൊറോന ഡയറക്ടർ അച്ചന്മാർക്കും ഇടവകകളിലെ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

### 2022 ഏപ്രിൽ – മെയ്

### വിവാഹഒരുക്ക ധ്യാനം (MPR) (ഓഫ്‌ലൈൻ)

ഏപ്രിൽ 04-06 (കലൂർ)
ഏപ്രിൽ 11-13 (കലൂർ)
ഏപ്രിൽ 25-27 (കലൂർ)
മെയ് 02-04 (കലൂർ)
മെയ് 09-11 (കലൂർ)
മെയ് 16-18 (കലൂർ)
മെയ് 23-25 (കലൂർ)

ഏപ്രിൽ 19-21 (കാലടി)
ഏപ്രിൽ 26-28 (കാലടി)
മെയ് 03-05 (കാലടി)
മെയ് 17-19 (കാലടി)
മെയ് 24-26 (കാലടി)
മെയ് 24-26 (കാലടി)
മെയ് 31 – ജൂൺ 2 (കാലടി)

### വിവാഹഒരുക്ക ധ്യാനം (MPR) (ഓൺലൈൻ)

ഏപ്രിൽ 22-23 **(വിദേശത്തുള്ളവർക്കു മാത്രം)**

NB : വിവാഹഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ദമ്പതി ധ്യാനം (ഓൺലൈൻ)

ഏപ്രിൽ 22-24

### അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

ഏപ്രിൽ 10

## ഫാമിലി ഔവർ

| | |
|---|---|
| ഏപ്രിൽ 02 | യൂദിത്ത് ഫോറം |
| ഏപ്രിൽ 03 | എസ്.ഡി സിസ്റ്റേഴ്സ് |
| ഏപ്രിൽ 23 | എം.സി.സി, ഗ്രെയ്സ് റിപ്പിൾസ് |

## സ്നേഹജ്വാല (ദമ്പതി സെമിനാർ)

| | |
|---|---|
| ഏപ്രിൽ 03 | കിടങ്ങൂർ, ഇൻഫന്റ് ജീസസ് ചർച്ച് |

## കുടുംബ ധ്യാനം

| | |
|---|---|
| ഏപ്രിൽ 01-03 | പാലാരിവട്ടം |
| ഏപ്രിൽ 05-07 | അട്ടാറ |

## കുടുംബപ്രേഷിത പരിശീലനം

**ആനിമേറ്റേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം**
(സമയം 2.00 pm മുതൽ 4.00 pm വരെ)

| | |
|---|---|
| ഏപ്രിൽ 02 | വൈക്കം - (വെൽഫെയർ സെന്റർ) |
| | പള്ളിപ്പുറം - (മുട്ടം ഫൊറോനാ പള്ളി) |
| ഏപ്രിൽ 03 | വല്ലം, മഞ്ഞപ്ര, കാഞ്ഞൂർ - (ജീവാലയ, കാലടി) |
| ഏപ്രിൽ 03 | ഇടപ്പള്ളി, കിഴക്കമ്പലം - (ആലുവ സെന്റ് ഡൊമിനിക് പള്ളി) |

## സെമിനാർ (യുവജനങ്ങൾ)

ഏപ്രിൽ 09 ചേർത്തല മുട്ടം ഫൊറോന ദേവാലയം

NB: ഇടവക തലത്തിൽ പാരന്റിംഗ് പരിശീലന പരിപാടികൾ, ദാമ്പത്യ പരിപോഷണ സെമിനാറുകൾ നടത്തുവാൻ കുടുംബപ്രേഷിത കേന്ദ്രം സന്നദ്ധമാണ് ഓർമ്മപ്പെടുത്തുന്നു. **കൂടുതൽ വിവരങ്ങൾക്ക്: 8078154524, 8078334522**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# Archdiocesan Corporate Educational Agency

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com. Mob: 7907106119
email: ernakulameducation@gmail.com

## FAMILIA -2022

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കോർപ്പറേറ്റ് ദിനാഘോഷം 2022 ഫെബ്രുവരി 25-ാം തീയതി കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവ് കുടുംബദിനം ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ റവ. ഡോ. പോൾ ചിറ്റിനപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. തോമസ് നങ്ങേലിമാലിൽ, റവ. ഫാ. പോൾ ചെറുപിള്ളി എന്നിവർ ആശംസകൾ അർപ്പിച്ചു. വിരമിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകർക്കുള്ള ഉപഹാരങ്ങൾ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ സമ്മാനിച്ചു.

## ഫാ. പോൾ ചിറ്റിനപ്പിള്ളിയച്ചന് യാത്രയയപ്പ്

കോർപ്പറേറ്റ് മാനേജുമെന്റിന്റെ സാരഥിയായി സ്തുത്യർഹ സേവനമനുഷ്ഠിച്ച റവ. ഡോ. പോൾ ചിറ്റിനപ്പിള്ളിയച്ചന് കലൂർ റിന്യൂവൽ സെന്ററിൽ യാത്രയയപ്പ് നൽകി. അതിരൂപത വികാരി ജനറാൾ റവ. ഡോ. ജോസ് പുതിയേടത്ത് അദ്ധ്യക്ഷത വഹിച്ചു. ബ. പോൾ ചെയ്ത സേവനങ്ങൾക്കു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് കോർപ്പറേറ്റ് മാനേജ്മെന്റ്, ടീച്ചേഴ്സ് ഗിൽഡ്, കെ.സി.എസ്.എൽ. എന്നിവയുടെ പ്രതിനിധികൾ പ്രസംഗിച്ചു.

## പുതിയ സാരഥികൾ

അസിസ്റ്റന്റ് കോർപ്പറേറ്റ് മാനേജരായി സേവനമനുഷ്ഠിച്ച് വന്ന ഫാ. തോമസ് നങ്ങേലിമാലിൽ പുതിയ കോർപ്പറേറ്റ് മാനേജരായി 2022 മാർച്ച് 12-ന് ചാർജ്ജെടുത്തു. ഫാ. ഡോ. ബെന്നി പാലാട്ടി പുതിയ കോർപ്പറേറ്റ് അസി.മാനേജരായും ചാർജ്ജെടുത്തു.

### കായികാദ്ധ്യാപകരുടെ ഒഴിവുകൾ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറുടെ തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷ പൂരിപ്പിച്ച് ഏപ്രിൽ 22-ാം തിയതിക്കുള്ളിൽ ഓഫീസിൽ തിരിച്ച് ഏൽപിക്കേണ്ടതാണ്. ഒഴിവു വരുന്ന മറ്റ് അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

---

## സമന്വയ കൗൺസലിംഗ് സെന്റർ

### കൗൺസലിംഗ് കോഴ്സ്

2022 മെയ് മാസത്തിൽ ഒരു മാസം ദൈർഘ്യമുള്ള കൗൺസലിംഗ് കോഴ്സ് നടത്തുന്നു. സ്കൂൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ അവരെ സഹായിക്കാൻ പ്രാപ്തരാക്കുന്ന ഈ കോഴ്സിൽ ചേർന്നു പഠിക്കാനാഗ്രഹിക്കുന്ന സൈക്കോളജി, സോഷ്യൽ വർക്ക് തുടങ്ങിയ വിഷയങ്ങളിൽ ബിരുദമെങ്കിലും ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് വിജയകരമായി പൂർത്തയാക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലുള്ള സ്കൂളുകളിൽ കൗൺസിലറായി പ്രവർത്തിക്കാനുള്ള അവസരമൊരുക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് റവ. ഡോ. ബെന്നി പാലാട്ടി (8383866760)

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# CATHOLIC TEACHERS GUILD

Renewal Centre, Kaloor, Kochi 682017

## പുതിയ ഭാരവാഹികൾ

അതിരൂപത കാത്തിലിക്ക് ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റായി തൃക്കാക്കര കാർഡിനൽ ഹെസ്കൂളിലെ ശ്രീമതി ജീബ പൗലോസും, വൈസ് പ്രസിഡന്റായി നോർത്ത് പറവൂർ സെന്റ് ജെർമെയിൻസ് എൽ.പി. എസ്.-ലെ ശ്രീ. ജെയ്മോൻ കെ.ജെ. യും, ജനറൽ സെക്രട്ടറിയായി പുളിയനം സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. -ലെ ശ്രീ ബിജു തോമസും, ജോയിന്റ് സെക്രട്ടറിയായി കാവിൽ സെന്റ് മൈക്കിൾസ് എച്ച്.എസ്. -ലെ ശ്രീമതി ലിൻസി ലൂക്കോസും, ട്രഷറർ ആയി ചുണങ്ങംവേലി സെന്റ് ജോസഫ്സ് യു.പി.എസ്. -ലെ റവ. സിസ്റ്റർ ഷിജി എസ്.ഡി. യും തിരഞ്ഞെടുക്കപ്പെട്ടു.

## പതാക ദിനം

2022 ഫെബ്രുവരി 24, 25, 26 തീയതികളിൽ കോഴിക്കോട് നടന്ന സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പതാകദിനം ആചരിച്ചു. തൃക്കാക്കര കാർഡിനൽ ഹൈസ്കൂളിൽ നടന്ന പതാക ദിനാചരണത്തിൽ റവ. ഫാ. എബി ഇടശ്ശേരി പതാക ഉയർത്തി. സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ലിജി ജോൺ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീമതി ജീബ പൗലോസ് പതാകദിന സന്ദേശം നൽകി. സംസ്ഥാന സമ്മേളനത്തിൽ എറണാകുളം-അങ്കമാലി അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് 10 അദ്ധ്യാപകർ പങ്കെടുത്തു.

## പ്രതിഷേധ ദിനം

അതിരൂപത കാത്തിലിക്ക് ടീച്ചേഴ്സ് ഗിൽഡ് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മാർച്ച് 10 പ്രതിഷേധ ദിനമായി ആചരിച്ചു. അദ്ധ്യാപകർ പ്രതിഷേധ ബാഡ്ജ് ധരിച്ച് ഇതിൽ പങ്കുകൊള്ളുകയും മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും ഈമെയിൽ വഴി ആവശ്യങ്ങളുന്നയിച്ചു കത്തയക്കുകയും ചെയ്തു.

## കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡ് വാർഷിക സമ്മേനം

2022 മാർച്ച് 18-ാം തീയതി കലൂർ റിന്യൂവൽ സെന്ററിൽ നടന്ന വാർഷിക സമ്മേളനത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ മാവേലിക്കര രൂപതാദ്ധ്യക്ഷൻ റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉത്ഘാടനം ചെയ്തു. സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകരെയും ആദരിച്ചു. ഗിൽഡിന്റെ വാർത്താ പത്രിക 'ഗിൽഡ് വോയ്സ്' പ്രകാശനം തദവസരത്തിൽ നടന്നു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

## തിരട്ട് 2021 – 2022

2021 – 2022 സാമ്പത്തിക വർഷം മാർച്ച് 31-ന് പൂർത്തിയായല്ലോ. ടി കാലയളവിലെ കണക്കുകൾ പള്ളിപൊതുയോഗത്തിൽ പാസ്സാക്കി തിരട്ടും അനുബന്ധ കണക്കുകളും **2022 മെയ് 31-നകം** അതിരൂപതാ ഫിനാൻസ് ഓഫീസിൽ സമർപ്പിക്കാൻ ബ. വികാരിമാർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ**
**ഫിനാൻസ് ഓഫീസർ**

# ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ
# ഏപ്രിൽ – മെയ് മാസങ്ങളിലെ ധ്യാനങ്ങൾ

## ആന്തരികസൗഖ്യധ്യാനം

| | | | |
|---|---|---|---|
| ഏപ്രിൽ 1 | വെള്ളി വൈകുന്നേരം 5 മണി മുതൽ | ഏപ്രിൽ 6 | ബുധൻ രാവിലെ 8 വരെ |
| ഏപ്രിൽ 29 | വെള്ളി വൈകുന്നേരം 5 മണി മുതൽ | മെയ് 4 | ബുധൻ രാവിലെ 8 വരെ |
| മെയ് 6 | വെള്ളി വൈകുന്നേരം 5 മണി മുതൽ | മെയ് 11 | ബുധൻ രാവിലെ 8 വരെ |
| മെയ് 13 | വെള്ളി വൈകുന്നേരം 5 മണി മുതൽ | മെയ് 18 | ബുധൻ രാവിലെ 8 വരെ |
| മെയ് 20 | വെള്ളി വൈകുന്നേരം 5 മണി മുതൽ | മെയ് 25 | ബുധൻ രാവിലെ 8 വരെ |
| മെയ് 27 | വെള്ളി വൈകുന്നേരം 5 മണി മുതൽ | ജൂൺ 1 | ബുധൻ രാവിലെ 8 വരെ |

## എബൈഡ് യുവജനധ്യാനം

എബൈഡ് 57 – എപ്രിൽ 20 ബുധൻ രാവിലെ 9 മണി മുതൽ ഏപ്രിൽ 24 ഞായർ ഉച്ചകഴിഞ്ഞ് 2 വരെ

എബൈഡ് 58 – മെയ് 18 ബുധൻ രാവിലെ 9 മണി മുതൽ മെയ് 22 ഞായർ ഉച്ചകഴിഞ്ഞ് 2 വരെ

## ദമ്പതി ധ്യാനം

മെയ് 11 ബുധൻ വൈകുന്നേരം 5 മണി മുതൽ മെയ് 15 ഞായർ ഉച്ചകഴിഞ്ഞ് 2 വരെ

## ക്രിസ്റ്റീൻ ധ്യാനം (4,5,6,7,8,9 ക്ലാസുകളിലെ കുട്ടികൾക്ക്)

ഏപ്രിൽ 26 ചൊവ്വ രാവിലെ 9 മണി മുതൽ ഏപ്രിൽ 29 വെള്ളി രാവിലെ 8 വരെ

മെയ് 25 ബുധൻ വൈകുന്നേരം 5 മണി മുതൽ മെയ് 29 ഞായർ രാവിലെ 9 വരെ

## ജീസസ് ടീൻ റിട്രീറ്റ് (10, 11 ക്ലാസുകളിലെ കുട്ടികൾക്ക്)

മെയ് 4 ബുധൻ വൈകുന്നേരം 5 മണി മുതൽ മെയ് 8 ഞായർ ഉച്ചകഴിഞ്ഞ് 2 വരെ

കൂടുതൽ വിവരങ്ങൾക്ക്: 9446040508

## ഏപ്രിൽ 2022

FRI 1. **ആന്തരിക സൗഖ്യധ്യാനം**
മാസാദ്യ വെള്ളി

SAT 2. **ആന്തരിക സൗഖ്യധ്യാനം**
മാസാദ്യ ശനി

SUN 3. **ആന്തരികം**
തിരദേശ പീഢാനുഭവ യാത്ര

MON 4. **ആന്തരികം**

TUE 5. **ആന്തരികം**

WED 6. **ആന്തരികം**
കൊടകര ധ്യാനം

THU 7. **കൊടകര ധ്യാനം**

FRI 8. **കൊടകര ധ്യാനം**
എബൈഡ് ഗ്രോത്ത് റിട്രീറ്റ്

SAT 9. **കൊടകര ധ്യാനം**
എബൈഡ് ഗ്രോത്ത് റിട്രീറ്റ്

SUN 10. **സൗദി ധ്യാനം**
എബൈഡ് ഗ്രോത്ത് റിട്രീറ്റ്

MON 11. **സൗദി ധ്യാനം**

TUE 12. **സൗദി ധ്യാനം**
പീഢാനുഭവ ധ്യാനം (5 pm)

WED 13. **സൗദി ധ്യാനം**
പീഢാനുഭവ ധ്യാനം

THU 14. **പീഢാനുഭവ ധ്യാനം**

FRI 15. **പീഢാനുഭവ ധ്യാനം**

SAT 16. **പീഢാനുഭവ ധ്യാനം**

SUN 17. **പീഢാനുഭവ ധ്യാനം** (9 am)

MON 18.

TUE 19.

WED 20. **എബൈഡ് 57** (9 am)

THU 21. **എബൈഡ് 57**

FRI 22. **എബൈഡ് 57**

SAT 23. **എബൈഡ് 57**

SUN 24. **എബൈഡ് 57** (2 pm)

MON 25.

TUE 26. **ക്രിസ്റ്റീൻ റിട്രീറ്റ്** (9 am)

WED 27. **ക്രിസ്റ്റീൻ റിട്രീറ്റ്** (9 am)

THU 28. **ക്രിസ്റ്റീൻ റിട്രീറ്റ്** (9 am)

FRI 29. **ക്രിസ്റ്റീൻ റിട്രീറ്റ്** (8 am)
ആന്തരികം

FRI 30. **ആന്തരികം**

കൂടുതൽ വിവരങ്ങൾക്ക്: 9446040508

## മെയ് 2022

SUN 1. **ആന്തരികം**

MON 2. **ആന്തരികം**

TUE 3. **ആന്തരികം**

WED 4. **ആന്തരികം**
ജീസസ് ടീൻ റിട്രീറ്റ് (5 pm)

THUR 5. **ജീസസ് ടീൻ റിട്രീറ്റ്**

FRI 6. **ജീസസ് ടീൻ റിട്രീറ്റ്**
ആന്തരികം

SAT 7. **ജീസസ് ടീൻ റിട്രീറ്റ്**
ആന്തരികം

SUN 8. **ജീസസ് ടീൻ റിട്രീറ്റ്** (2 pm)
ആന്തരികം

MON 9. **ആന്തരികം**

TUE 10. **ആന്തരികം**

WE 11. **ആന്തരികം**
ദമ്പതി ധ്യാനം (5 pm)

THU 12. **ദമ്പതി ധ്യാനം**

FRI 13. **ആന്തരികം**
ദമ്പതി ധ്യാനം

SAT 14. **ആന്തരികം**
ദമ്പതി ധ്യാനം

SUN 15. **ആന്തരികം**
ദമ്പതി ധ്യാനം (2 pm)

MON 16. **ആന്തരികം**

TUE 17. **ആന്തരികം**

WED 18. **ആന്തരികം**
എബൈഡ് 58

THU 19. **എബൈഡ് 58**

FRI 20. **ആന്തരികം**
എബൈഡ് 58

SAT 21. **ആന്തരികം**
എബൈഡ് 58

SUN 22. **ആന്തരികം**
എബൈഡ് 58

MON 23. **ആന്തരികം**

TUE 24. **ആന്തരികം**

WED 25. **ആന്തരികം**
ക്രിസ്റ്റീൻ റിട്രീറ്റ് (5 pm)

THU 26. **ക്രിസ്റ്റീൻ റിട്രീറ്റ്**

FRI 27. **ആന്തരികം**
ക്രിസ്റ്റീൻ റിട്രീറ്റ്

SAT 28. **ആന്തരികം**
ക്രിസ്റ്റീൻ റിട്രീറ്റ്

SUN 29. **ആന്തരികം**
ക്രിസ്റ്റീൻ റിട്രീറ്റ് (9 am)

MON 30. **ആന്തരികം**

TUE 31. **ആന്തരികം**

JUNE 1. **ആന്തരികം**
WED

കൂടുതൽ വിവരങ്ങൾക്ക്: 9446040508

## ജലവിഭവ ഓഡിറ്റ് പദ്ധതി

സഹൃദയയുടെ ആഭിമുഖ്യത്തിൽ വയലാർ ധർമ്മഗിരി സ്മൃതി ഭവനിൽ സംഘടിപ്പിച്ച ജലദിനാചരണപരിപാടിയിൽ സഹൃദയ അയൽക്കൂട്ടങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ജല ഓഡിറ്റ് പദ്ധതിയുടെ ഉദ്ഘാടനം ദലീമ ജോജോ എം.എൽ.എ. നിർവഹിച്ചു സ്മൃതി ഭവനിൽ നിർമിച്ച അരലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണിയും ഉദ്ഘാടനം ചെയ്തു. വീടുകളിലും സ്ഥാപനങ്ങളിലും ജലത്തിന്റെ കാര്യത്തിൽ വിവേകപൂർണവും ഉത്തരവാദിത്വത്തോടുകൂടിയതുമായ പരിപാലനമാണ് ജലവിഭവ ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്.

## സാന്ത്വന പരിചരണ പരിശീലന സർട്ടിഫിക്കറ്റുകൾ

സഹൃദയ, നബാർഡുമായി സഹകരിച്ച് വനിതകളുടെ സ്വയം തൊഴിൽ പ്രോത്സാഹനാർത്ഥം നടപ്പാക്കുന്ന സമുന്നത പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 15 ദിവസത്തെ സാന്ത്വന പരിചരണ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സാന്ത്വന പരിചരണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് 30 വനിതകൾക്ക് 15 ദിവസത്തെ പരിശീലനമാണ് ഈ പദ്ധതി വഴി നൽകിയത് നബാർഡിന്റെ നേതൃത്വത്തിൽ ഭാരതത്തിൽ ആദ്യമായാണ് സാന്ത്വന പരിചരണത്തിൽ പരിശീലനം സംഘടിപ്പിക്കുന്നത്.

## ഭിന്നശേഷിക്കാരായ യുവജനങ്ങൾക്കുള്ള കേന്ദ്രം

സഹൃദയ ഭിന്ന ശേഷിക്കാരുടെ ക്ഷേമ, പുനരധിവാസത്തിനായി നടപ്പാക്കി വരുന്ന സഹൃദയ സ്പർശൻ പദ്ധതിയുടെ ഭാഗമായി 18 –നും 45–നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്കുള്ള 'ഗർവ് സേ സെന്റർ' (അഭിമാന കേന്ദ്രം) വടക്കൻ പറവൂരിൽ ആരംഭിച്ചു. ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ സഹായത്തോടെ ഭിന്ന ശേഷിക്കാരായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുയോജ്യമായ ഉപജീവന മാർഗം കണ്ടെത്താൻ സഹായിക്കുകയാണ് ഗർവ് സേ സെന്ററിന്റെ ലക്ഷ്യം. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'എനേബിൾ

ഇന്ത്യ' എന്ന സംഘടനയുടെ സഹകരണത്തോടെ നടപ്പാക്കുന്ന അഭിമാന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിയമസഭാ പ്രതിപക്ഷ നേതാവ് അഡ്വ. വി. ഡി. സതീശൻ നിർവഹിച്ചു.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

എറണാകുളം ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റേയും നാഷണൽ ഹെൽത്ത് മിഷന്റേയും ആഭിമുഖ്യത്തിൽ, സഹൃദയയുടെ സഹകരണത്തോടെ നടപ്പാക്കുന്ന സമേതം സീറോ സർവെയ്‌ലൻസ് പദ്ധതിയുടെ ഭാഗമായി ട്രാൻസ് ജെൻഡർ വ്യക്തികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് കലൂർ റിന്യുവൽ സെന്ററിൽ സംഘടിപ്പിച്ചു. സമ്മേളനത്തിൽ ജില്ലാ അസി. കളക്ടർ സച്ചിൻ യാദവ്, ട്രാൻസ് ജെൻഡർ വ്യക്തികളുമായി സംവാദം നടത്തി.

### സ്നേഹനയനം നേത്രദാനപദ്ധതി

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ സഹകരണത്തോടെ സഹൃദയ നടപ്പാക്കുന്ന സ്നേഹനയനം നേത്രദാന ചലഞ്ചിന്റെ ഉദ്ഘാടനം സഹൃദയ കുടുംബാംഗങ്ങളുടെ നേത്രദാന സമ്മതപത്രം എൽ.എഫ്. നേത്രബാങ്കിനു കൈമാറിക്കൊണ്ട് ആർച്ച്ബിഷപ്പ് മാർ ആന്റണി കരിയിൽ പിതാവ് നിർവഹിച്ചു.

### വനിതാ ദിനാചരണം

മനുഷ്യാവകാശ പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്തു. ഉദയ കോളനിയിലെ സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ സിസ്റ്റർ അനീഷ എസ്.ഡി.യെ യോഗത്തിൽ ആദരിച്ചു. സ്വയം തൊഴിൽ സംരംഭക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയ സംഘങ്ങൾക്കും സംഘാംഗങ്ങൾക്കും പുരസ്കാരം നൽകി.

### ആശ്വാസ് ഇൻഷുറൻസ് പദ്ധതി

സഹൃദയയും പ്രമുഖ ഇൻഷുറൻസ് സേവന ദാതാക്കളായ സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയും സഹകരിച്ച് നടപ്പാക്കുന്ന ആശ്വാസ് ഫാമിലി മെഡി ക്ലെയിം പദ്ധതി മാർച്ച് 25 മുതൽ പ്രാബല്യത്തിലായി

### വിശ്വാസവനം

ബൈബിൾ, മഹാഭാരതം, രാമായണം, ഖുർആൻ തുടങ്ങിയ വിവിധ

മതഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന മുന്നൂറോളം സ്വദേശ, വിദേശ സസ്യങ്ങൾ ഉൾപ്പെടുത്തി ലിസ്യുനഗർ ദേവാലയ അങ്കണത്തിൽ സ്ഥാപിച്ച വിശ്വാസവനത്തിന്റെ ഉദ്ഘാടനം സംസ്ഥാന കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ്പ് മാർ ആൻറണി കരിയിൽ പിതാവ് അധ്യക്ഷ നായിരുന്നു. പരിസ്ഥിതി സംരക്ഷണാർത്ഥം സഹൃദയ ആവിഷ്കരിച്ച കാർബൺ ഫാസ്റ്റിങ് കാംപയിന്റെ രണ്ടാം ഘട്ടമായിട്ടാണ് വീടുകളിൽ പരമാവധി ഔഷധ സസ്യങ്ങളും മറ്റു ചെടികളും വളർത്തുന്നതിന് പ്രോത്സാഹനം നൽകുക എന്ന ഉദ്ദേശ്യത്തോടെ വിശ്വാസവനം പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആശയരൂപീകരണം നടത്തിയത് ലിസ്യുനഗർ പള്ളി വികാരി ഫാ. പീറ്റർ കോയിക്കരയാണ്.

**ജലജീവൻ മിഷൻ പദ്ധതി പരിശീലനം**

മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ സഹൃദയയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജലജീവൻ മിഷൻ പദ്ധതി സ്റ്റാഫംഗങ്ങൾ ക്കായി കോട്ടയ്ക്കലിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

**സാധൻ നെറ്റ് വർക്ക് കൺസൾട്ടേറ്റീവ് മീറ്റിംഗ്**

മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ റിസർവ് ബാങ്ക് അംഗീകൃത ഏകോപനവേദിയായ സാ ധൻ നെറ്റ് വർക്കിന്റെ ആഭിമുഖ്യത്തിൽ ദേശീയതല കൺസൾട്ടേറ്റീവ് മീറ്റിംഗ് സംഘടിപ്പിച്ചു. സഹൃദയ ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര മീറ്റിംഗിൽ പ്രഭാഷണം നടത്തി.

**സൗരോർജ വൈദ്യുത യൂണിറ്റ്**

മഞ്ഞപ്ര ഹോളി ക്രോസ് ഫൊറോനാ ദേവാലയത്തിൽ സഹൃദയ ടെക്കിന്റെ സാങ്കേതിക മേൽനോട്ടത്തിൽ സ്ഥാപിച്ച സൗരോർജ വൈ ദ്യുത യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ദേവാലയത്തിലെ എല്ലാ വൈദ്യു തി ആവശ്യങ്ങളും നിറവേറ്റാനാവുന്ന തരത്തിൽ 25 കിലോ വാട്ട് ശേഷിയുള്ള സൗരോർജ യൂണിറ്റാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# സഹൃദയ 'സ്നേഹനയനം'

## നേത്രദാന പദ്ധതി

പ്രിയമുള്ളവരേ,

ഇക്കഴിഞ്ഞ വനിതാദിനത്തിൽ അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിൽ തുടക്കം കുറിച്ച സ്നേഹ നയനം നേത്രദാന പദ്ധതിയിൽ സഹകരിക്കുന്നതിന് എല്ലാവരെയും ഞാൻ അഹ്വാനം ചെയ്യുകയാണ്. കാലാനുസൃതമായ കാരുണ്യ പ്രവൃത്തി എന്ന നിലയിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംരം ഭമാണിത്. മരണശേഷം മണ്ണിൽ ലയിച്ചുചേരാൻ വിട്ടുകൊടുക്കാതെ കാഴ്ചശക്തിയില്ലാതെ വിഷമിക്കുന്ന രണ്ടു സഹോദരങ്ങൾക്ക് വെളി ച്ചത്തെ പകരാൻ നമ്മുടെ കണ്ണുകൾ ഉപകാരപ്രദമാകുമെന്ന നല്ല ചിന്ത യാണ് ഈ പദ്ധതിയുടെ പിന്നിലുള്ളത്.

നേത്രപടലത്തിനുള്ള തകരാർ മൂലം അന്ധതബാധിച്ച ലക്ഷക്കണ ക്കിനു പേരാണ് നമ്മുടെ നാട്ടിലുള്ളത്. അവരിൽ നാല്പതുശതമാനം പേരും യൗവനത്തിൽ പോലും എത്താത്ത പ്രായക്കാരാണ്. പലരും നേത്രദാന സമ്മതപത്രം നൽകിയിട്ടുണ്ടെങ്കിലും മരണശേഷം കണ്ണു കൾ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പലപ്പോഴും സാധ്യമാകാറി ല്ലെന്നതാണ് വസ്തുത. നേത്രദാനം ഒരു സുകൃതമാണെന്ന ബോധ്യം ജനങ്ങളിൽ വളർത്തിയെടുക്കാനും ഒരു മരണമുണ്ടായാൽ ഉടനെതന്നെ നേത്രപടലം എടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനും നമ്മുടെ ഇടവകതലത്തിലും ഭക്തസംഘടനാ, കുടുംബയൂണിറ്റ് തല ങ്ങളിലുമൊക്കെ ശ്രമങ്ങളുണ്ടാവുന്നത് ഈ പദ്ധതി പ്രായോഗികതല ത്തിൽ വിജയകരമാകുന്നതിന് സഹായിക്കും.

മരിച്ചയാളുടെ കണ്ണ് പൂർണമായും ചൂഴ്ന്നെടുക്കുമോ, മുഖം വികൃത മാകുമോ എന്നൊക്കെയുള്ള ഭയമാണ് പലപ്പോഴും ഈ പദ്ധതിയോട് സഹകരിക്കുന്നതിൽ ജനങ്ങളെ വിമുഖരാക്കുന്നത്. അതുപോലെ തിമിരമോ മറ്റു കാഴ്ചക്കുറവുകളോ ഉള്ളവരുടെ കണ്ണുകൾ, കണ്ണട ഉപ യോഗിക്കുന്നവരുടെ കണ്ണുകൾ എന്നിവ എടുക്കുമോ എന്ന ശങ്കയും

പലർക്കുമുണ്ട്. മരണസമയത്ത് കോവിഡ്, മഞ്ഞപ്പിത്തം, കണ്ണിലെ കാൻസർ, എയ്ഡ്സ്, പേ വിഷബാധ പോലുള്ള രോഗങ്ങളില്ലെങ്കിൽ രണ്ടുവയസ്സിനുമുകളിലുള്ള ആരുടെയും നേത്രപടലങ്ങൾ ഉപയോഗ യോഗ്യമാണ്. മരിച്ചയാളിന്റെ ശരീരത്തിൽ നിന്ന് നേത്രപടലം എടുക്കുന്നതിന് അരമണിക്കൂർ സമയം മാത്രമേ ആവശ്യമുള്ളൂ.

കണ്ണുകൾ ശേഖരിക്കുന്ന കാര്യത്തിൽ കേരളത്തിൽ ഒന്നാം സ്ഥാനവും ഭാരതത്തിൽ അഞ്ചാം സ്ഥാനവും നമ്മുടെ അതിരൂപതയുടെ സ്ഥാപനമായ അങ്കമാലി എൽ.എഫ്. ആശുപത്രിയിലെ നേത്രബാങ്കിനുണ്ട്. ഒരു മരണമുണ്ടായാൽ നാലോ അഞ്ചോ മണിക്കൂറിനുള്ളിൽ നേത്രപടലം എടുക്കുന്നതിനുള്ള സജ്ജീകരണങ്ങൾ എൽ.എഫ്. ആശുപത്രി ചെയ്തുതരും.

നമ്മുടെ വൈദികരും സന്യസ്തരും മരണശേഷം നേത്രദാനം നടത്തുന്നതിനുള്ള സമ്മതപത്രം നൽകുന്നതും മരണശേഷം അവ നടപ്പാകുന്നുണ്ടെന്ന് മറ്റുള്ളവർ ഉറപ്പുവരുത്തുന്നതും മാതൃകാപരമായ ഒരു പ്രവൃത്തിയാണെന്ന് കരുതുന്നു. ഇടവകകളിൽ നമ്മുടെ കുടുംബങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് അറിയിപ്പ് നൽകി നേത്രദാനത്തിന്റെ പുതിയൊരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ഇതര മതവിഭാഗങ്ങൾക്ക് നല്ലൊരു മാതൃകയാകുന്നതിനും ഏവരെയും ആഹ്വാനം ചെയ്യുന്നു.

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

# നൈപുണ്യ ഇന്റർനാഷണൽ

**Corporate Office, Broadway, Ernakulam Kochi 682031.**
**9446339966, 0484-2381947**

- **Overseas Education**
  - Apply for September 2022 intake.
  - IELTS offline & online classes started

- **NICE (Naipunnya International Communicative English)**

– ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഏപ്രിൽ 4-ന് ആരംഭിക്കുന്ന ബാച്ചിലേക്ക് താല്പര്യമുള്ള Students നെ സ്വാഗതം ചെയ്യുന്നു.

## നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ.

**Contact: 9544919144 , 0484-4029144**

- **ഏപ്രിൽ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)
2. ജർമൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)
3. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ച്
4. KAS ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
5. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 NICSA സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാം
6. സെൻട്രൽ ലൈബ്രറിയിലേക്കുള്ള അഡ്മിഷൻ തുടരുന്നു

## നൈപുണ്യ അക്കാദമി, തൃക്കാക്കര.

**Contact: 9544919133, 9947349966**

- **PROGRAMS (APRIL)**

1. UGC NET PAPER I & II - Online and Offline

2. BANK coaching and SSC coaching Regular-offline (new admission all Mondays)
3. PSC - offline (new admission all Mondays)
4. Entrance Two Year Course (ETC) - Admission started
5. Entrance preparatory course (EPC) - Admission started for Std. VIII, IX, X
6. IELTS - Regular, Online& Offline (morning & evening batch)
8. LAW Entrance – (weekend and Regular Batch)

## നൈപുണ്യ ഇന്റർനാഷണൽ, എൽ.എഫ്. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

അങ്കമാലി നൈപുണ്യ ഇന്റർനാഷണൽ IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കിവരുന്നു. കൂടാതെ കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## നൈപുണ്യ ഇന്റർനാഷണൽ, NIMIT കാമ്പസ്, പൊങ്ങം

**Contact: 8078074684**

- For Overseas Education Queries - Help Desk Started at Naipunnya College (NIMIT) Pongam, Koratty.

## നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education &Councelling

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ഫെബ്രുവരി 2022**

19 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം, കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് എറണാകുളം കത്തീഡ്രൽ ബസിലിക്കയിലെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

24 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം പഴങ്ങനാട് പള്ളിയിലെ തിരുനാളിനോടനുബന്ധിച്ചു നടന്ന ഏകദിന ദിവ്യകാരുണ്യ ആരാധനയുടെ സമാപനശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ച്, സന്ദേശം നൽകി. പുതുതായി പണികഴിപ്പിച്ച സെന്റ് അഗസ്റ്റിൻസ് നഴ്സറി സ്കൂളിന്റെയും പാരിഷ് ഹാളിന്റെയും വെഞ്ചരിപ്പ് നിർവഹിച്ചു.

25 ആന്റണി കരിയിൽ പിതാവ് രാവിലെ ഡോ. തോമസ് പോളിന്റെ നിര്യാണത്തിൽ കാക്കനാടുള്ള വസതിയിൽ എത്തി ഒപ്പീസ് ചൊല്ലി അനുശോചനം അറിയിച്ചു.

25 ആന്റണി കരിയിൽ പിതാവ് രാവിലെ കലൂർ റിന്യുവൽ സെന്ററിൽ നടന്ന കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി ദിനാഘോഷത്തിൽ പങ്കെടുത്ത് ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി.

26 ആന്റണി കരിയിൽ പിതാവ് രാവിലെ ലിസി ഹോസ്പിറ്റലിൽ പുതുതായി ആരംഭിക്കുന്ന എം.ആർ.ഐ. സ്റ്റേഷന്റെ ആശീർവാദ കർമ്മം നിർവഹിച്ചു.

26 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര ബി.പി.എസ്. കോൺവെന്റിൽ നടന്ന നിത്യവ്രത വാഗ്ദാനശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

27 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ലിസ്യു നഗർ ദേവാലയത്തിൽ സഹൃദയ വെൽഫെയർ സർവ്വീസിന്റേയും ബഹു. പീറ്റർ കോയിക്കര അച്ചന്റേയും ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 'വിശ്വാസ വനം' പദ്ധതി ഉദ്ഘാടനം ചെയ്തു. ക്വീൻ ഓഫ് പീസ് ദേവാലയത്തിൽ ജൂബിലോയടനുബന്ധിച്ചുള്ള തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി. കൊതവറ പള്ളിയിൽ നവീകരിച്ച സിമിത്തേരിയുടെ ആശീർവ്വാദ കർമ്മം നിർവ്വഹിച്ചു.

* * * * *



കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ അനുസ്മരണ പ്രഭാഷണം
ഭാരതമാതാ കോളേജ്, തൃക്കാക്കര, മാർച്ച് 10, 2022



ലോഗോസ് സമ്മാനദാനം
റിന്യൂവൽ സെന്റർ, കലൂർ, മാർച്ച് 27, 2022



വനിതാദിനം
സഹൃദയ, മാർച്ച് 08, 2022

RNI No. 3421/57
Date of Publication: 01-04-2022
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



*"Every war worsens everyone's situation.*
*Therefore, I renew my appeal:*
*Enough. Stop it.*
*Silence the weapons.*
*Move seriously toward peace!"*

***POPE FRANCIS,***
***Twitter Message on March 27, 2022***

Printed and Published by Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Jose Pollayil